KERALA CURRICULUM FRAME WORK

2007

കരട് രേഖ

SCERT - Kerala

State Level Workshop for Revision of Curriculum - 2006

Based on NCF 2005

# കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007

*തയ്യാറാക്കിയത്:*

എസ്.സി.ഇ.ആർ.ടി - കേരളം

# KERALA CURRICULUM FRAME WORK

2007

SCERT - Kerala

State Level Workshop for
Revision of Curriculum - 2006

Based on NCF 2005

# കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007

# ഉള്ളടക്കം


ആമുഖം

| | | | |
|---|---|---|---|
| 1 | | ആധുനിക കേരളവിദ്യാഭ്യാസം - ഒരെത്തിനോട്ടം | 1-6 |
| | 1.2 | സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് | 1 |
| | 1.3 | സ്വതന്ത്ര ജനാധിപത്യകാലഘട്ടം | 2 |
| | 1.4 | ഗുണനിലവാരമുള്ള വിദ്യാഭ്യാസം സമൂഹത്തിന്റെ ആവശ്യം | 3 |
| | 1.5 | തിരിച്ചറിവുകൾ | 5 |
| 2 | | പുതിയ സമീപനത്തിലേക്ക് | 7-14 |
| | 2.1 | ആമുഖം | 7 |
| | 2.2 | ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും കേരളവും | 7 |
| | 2.3 | ഭാവി സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് | 8 |
| | 2.4 | വിദ്യാഭ്യാസലക്ഷ്യങ്ങൾ | 9 |
| | 2.5 | പദ്ധതിരൂപീകരണപ്രക്രിയ | 12 |
| 3 | | പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് | 15-26 |
| | 3.1 | ആമുഖം | 15 |
| | 3.2 | പഠനവും അറിവും | 18 |
| | 3.3 | മനഃശാസ്ത്രപരമായ അടിത്തറ | 18 |
| | 3.4 | ഗുണനിലവാരവും അറിവിന്റെ പ്രയോഗവും | 19 |
| 4 | | വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ | 27-41 |
| | 4.1 | ആമുഖം | 27 |
| | 4.2 | ശൈശവകാലപഠനം | 27 |
| | 4.3 | പ്രൈമറി ഘട്ടം | 31 |
| | 4.4 | സെക്കൻഡറി ഘട്ടം | 37 |
| | 4.5 | ഹയർസെക്കൻഡറിഘട്ടം | 39 |
| 5 | | വിഷയസമീപനം | 42-97 |
| | 5.1 | ഭാഷ | 42 |
| | 5.2 | ശാസ്ത്രം | 56 |
| | 5.3 | സാമൂഹികശാസ്ത്രം | 62 |
| | 5.4 | ഗണിതം | 70 |
| | 5.5 | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം | 80 |
| | 5.6 | കലാപഠനവും ആരോഗ്യ-കായിക പഠനവും | 85 |
| | 5.7 | വിവരസാങ്കേതിക വിദ്യാഭ്യാസം | 88 |
| | 5.8 | മൂല്യനിർണയം | 91 |
| 6 | 6.1 | സാമൂഹികനീതിയും വിദ്യാഭ്യാസവും | 98-104 |
| | 6.2 | സാമൂഹികവും സാംസ്കാരികവുമായി പിന്നോക്കം നിൽക്കുന്നവരുടെ പരിഗണന | 101 |
| 7 | 7.1 | വിദ്യാഭ്യാസവ്യവസ്ഥയുടെ പുനഃസംഘാടനം | 105-121 |
| | 7.2 | അധ്യാപക വിദ്യാഭ്യാസം | 112 |

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം ശക്തിപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഒരു പാഠ്യപദ്ധതി പരിഷ്കരണത്തിന് നാം തുടക്കം കുറിച്ചിരിക്കുന്നത്. സാക്ഷരതയിലും സ്കൂൾ പ്രവേശനനിരക്കിലും അഭിമാനകരമായ വിജയം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആ വിജയം ഫലവത്താകണമെങ്കിൽ ഭാവി സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ഗുണമേന്മയുള്ള വിദ്യാഭ്യാസം വിവേചനരഹിതമായി എല്ലാ കുട്ടികൾക്കും ലഭ്യമാക്കണം.

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിലെ (എൻ.സി.എഫ് 2005) നിർദേശങ്ങൾ പരിഗണിച്ചാണ് സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണം ആരംഭിച്ചിരിക്കുന്നത്. എന്നാൽ കേരളത്തിൽ നടപ്പിലാക്കിക്കഴിഞ്ഞ പാഠ്യപദ്ധതി അനുഭവങ്ങൾ ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിന്റെ രൂപീകരണത്തിൽ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. അറിവിന്റെ നിർമാണത്തിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനരീതിയുടെ സജീവ മാതൃക കേരളത്തിനു കാഴ്ചവയ്ക്കാൻ കഴിഞ്ഞു. അതിനാൽ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിലെ നിർദേശങ്ങൾക്കപ്പുറമുള്ള വിദ്യാഭ്യാസ പരിഷ്കാരങ്ങളെപ്പറ്റിയാണ് നാം ചിന്തിക്കേണ്ടിയിരിക്കുന്നത്.

മികച്ച പാഠ്യപദ്ധതിയും പഠനോപകരണങ്ങളും ഉറപ്പുവരുത്താൻ ഏറെക്കുറെ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്താൻ അക്കാദമികവും ഭരണപരവുമായ പുന:സംഘാടനം അനിവാര്യമാണ്. കാലപ്പഴക്കം കൊണ്ട് ഉറച്ചുപോയ പല മാമൂലുകളും ഇന്ന് ഭാരമായി മാറിയിരിക്കുന്നു. അധിനിവേശത്തിന്റെ നാളുകളിൽ ശീലിച്ചുപോയ വഴക്കങ്ങൾ മാറ്റിയെടുക്കണം. അതിന് സമൂഹപങ്കാളിത്തത്തോടെയും കൂട്ടായ്മയോടെയുമുള്ള പൊളിച്ചെഴുത്ത് ആവശ്യമാണ്. നിശ്ചയദാർഢ്യത്തോടെ അതിനു തുടക്കംകുറിക്കാൻ ഈ പാഠ്യപദ്ധതി പരിഷ്കരണത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആശംസകളോടെ,

**ചെയർമാൻ**
(പ്രിൻസിപ്പൽ സെക്രട്ടറി പൊതുവിദ്യാഭ്യാസം)
**കോർ കമ്മിറ്റി**
സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ സമിതി
എസ്.സി.ഇ.ആർ.ടി., കേരളം

16.04.2007

*ഇത്രയും കാലമായി നാം വിട്ടുകളഞ്ഞിട്ടുള്ളത്, അഥവാ തക്ക ഗൗരവത്തോടുകൂടി പരിഗണിക്കാതിരുന്നിട്ടുള്ളത്, 'കാലവും ദേശവും ലോകസ്വഭാവവും' അനുസരിച്ച് എന്തെന്തു വിഷയങ്ങളാണ് പാഠ്യപദ്ധതിയിലുൾപ്പെടുത്തേണ്ടതെന്നും ഉൾപ്പെടുത്തുന്ന വിഷയങ്ങൾകൊണ്ട് എന്തെന്ത് പ്രയോജനങ്ങളാണുദ്ദേശിക്കേണ്ടതെന്നുമുള്ള പ്രശ്നമാണ്. ആദികാലംതൊട്ട് ഈ പ്രശ്നം പരിഗണിച്ചിട്ടേയില്ല എന്നു പറയുന്നത് ശരിയാവില്ല. സാമ്രാജ്യതാൽപര്യത്തിന്റെ വക്താക്കളായി വിദ്യാഭ്യാസവിദഗ്ധന്മാർ പൊതുവിദ്യാഭ്യാസത്തിനുവേണ്ടി ഒരു പരിപാടി രൂപവത്കരിച്ചപ്പോൾ എന്തെല്ലാമോ ഉള്ളിൽ കരുതിയിരുന്നു. ആ കരുതലിനെ പിന്നീടാരും സാരമായി ചോദ്യംചെയ്തിട്ടില്ലാത്ത മട്ടാണ്. അന്നത്തെ പരിപാടിയിന്മേൽ അൽപാൽപമായി ചിലത് ഏച്ചുകെട്ടി അങ്ങനെ പോന്നിട്ടേയുള്ളൂ നാം. അടിസ്ഥാനപരമായ ഒരു പരിഷ്കാരത്തിനൊരുമ്പെട്ടിട്ടില്ലെന്നു ചുരുക്കം.*

***(പൊതുവിദ്യാഭ്യാസം എന്തിന്? എങ്ങനെ? - ജോസഫ് മുണ്ടശ്ശേരി)***

# ആമുഖം

കേരളത്തിൽ ഇപ്പോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പാഠ്യപദ്ധതി പരിഷ്ക്കാരത്തിന്റെ സാമൂഹ്യ ലക്ഷ്യമെന്ത് എന്ന് വിശദീകരിക്കേണ്ടിയിരിക്കുന്നു. ഏഴുവർഷം മുമ്പ് പ്രീഡിഗ്രി കോഴ്സ് നിർത്തലാക്കി പൊതുവിദ്യാഭ്യാസത്തിന്റെ അന്തിമഘട്ടം എന്ന നിലയിൽ ഹയർസെക്കൻഡറി കോഴ്സ് ഏർപ്പെടുത്തിയിരുന്നു. അന്ന് പ്രീ-ഡിഗ്രി സിലബസ് തന്നെ ഹയർസെക്കൻഡറി കോഴ്സിനു ബാധകമാക്കുകയായിരുന്നു. അതുകൊണ്ട് പൊതുവിദ്യാഭ്യാസത്തിന്റെ അന്തിമഘട്ടത്തിന്റെ ധർമം നിറവേറ്റപ്പെടുകയില്ല. ഹയർസെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കി പോകുന്നവരെ ഏതെങ്കിലും തൊഴിലിനോ ജീവിതായോധനത്തിനോ ഒരുക്കുക എന്നതാണ് ധർമം. കുറെ അക്കാദമിക വിഷയങ്ങൾ പഠിച്ചതുകൊണ്ട് മാത്രം ഇന്ന് അത് സാക്ഷാത്കരിക്കാനാവില്ല.

കേരളം രൂപീകരിക്കപ്പെട്ടകാലത്ത് ഇന്നുള്ളതിൽ നാലിലൊന്ന് വിദ്യാർഥികൾപോലും എസ്.എസ്.എൽ.സി വരെ പഠിച്ചിരുന്നില്ല. തൊഴിൽരംഗത്തോ സ്വകാര്യ മേഖലയിലോ ഉള്ള ഇടത്തരം ജോലികൾക്ക് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് മതിയായിരുന്നു. സെക്കൻഡറി വിദ്യാഭ്യാസം അവർക്കും ഉന്നത വിദ്യാഭ്യാസാർഥികൾക്കും വേണ്ടിയായിരുന്നു. ഇന്ന് അഞ്ച് ലക്ഷത്തോളം വിദ്യാർഥികൾ പത്താം ക്ലാസ് പരീക്ഷ എഴുതുന്നു. ഏതാണ്ട് മൂന്നുലക്ഷം പേർ പരീക്ഷ പാസാകും. മുമ്പ് അവരിൽ ഒരു ലക്ഷം പേരായിരുന്നു പ്രീഡിഗ്രിക്കു ചേർന്നിരുന്നത്. ബാക്കിയുള്ളവർ തൊഴിലന്വേഷിക്കും. ചിലർക്ക് കിട്ടും, പലർക്കും കിട്ടില്ല. കിട്ടാത്തവരുടെ എണ്ണം ഈ ദശകമായപ്പോഴേക്കും 34 ലക്ഷത്തിൽപ്പരം വന്നിരുന്നു. തൊഴിലില്ലാത്തവരായി രജിസ്റ്റർ ചെയ്തവരിൽ മുക്കാൽ പങ്കും ഇവരാണ്. ഇത്രയേറെപേർക്ക് തൊഴിൽ കിട്ടാതിരിക്കാൻ ഒരു കാരണം അവർക്ക് തൊഴിൽ ചെയ്യുന്നതിനുള്ള പരിശീലനം ലഭിക്കാത്തതാണ്.

ഈ വർഷം ഹയർസെക്കൻഡറി കോഴ്സിനു മൂന്നുലക്ഷത്തിൽപ്പരം പേർ സ്കൂളിൽ ചേർന്നും ഒരു ലക്ഷത്തിൽപ്പരം പേർ ഓപ്പൺസ്കൂളിൽ റജിസ്റ്റർ ചെയ്തും പഠിക്കുന്നു. ഹൈസ്ക്കൂളിൽ എന്ന പോലെ പരിമിതമായ വിഷയങ്ങളാണ് അവർ പഠിക്കുന്നത്. മുമ്പ് പത്താംക്ലാസുവരെ പഠിച്ചവർക്കിടയിൽ വ്യാപകമായി ഉണ്ടായിരുന്ന തൊഴിലില്ലായ്മ ഇനി ഹയർസെക്കൻഡറി പഠിച്ചവരുടെ ഇടയിലാകും എന്നതായിരിക്കും ഉണ്ടാകാൻപോകുന്ന ഏക മാറ്റം.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവർക്കിടയിൽ ഇങ്ങനെയൊരു സാമൂഹിക സാമ്പത്തിക പ്രശ്നം ഉണ്ടെന്ന് എത്രപേർ മനസ്സിലാക്കിയിട്ടുണ്ട്? ആ പരീക്ഷ പാസാകുന്നവരൊക്കെ പ്രൊഫഷണൽ കോഴ്സിനു പോകുന്നു. അത് പാസായി ശമ്പളമുള്ള ജോലി നേടുന്നു എന്നാണ് പരക്കെയുള്ള വിശ്വാസം. ആ മെച്ചം ലഭിക്കുന്നത് ഏതാനും ആയിരം പേർക്കാണ്. അരലക്ഷം പേർ ബി.എ, ബി.എസ്.സി അല്ലെങ്കിൽ എം.എ, എം.എസ്.സി ബിരുദങ്ങൾ നേടി ഏതെങ്കിലും ജോലിക്ക് അർഹരാകുന്നു. ഹയർസെക്കൻഡറി കോഴ്സ് പൂർത്തിയാക്കുന്നവരിൽ ഭൂരിപക്ഷം പേർക്കും വിദ്യാഭ്യാസപരമായോ സാമ്പത്തികമായോ ശേഷി കുറവായതിനാൽ ഈ സൗഭാഗ്യമൊന്നും ലഭിക്കുന്നില്ല. അവർ തൊഴിലില്ലാപ്പടയുടെ ഭാഗമായി വീട്ടുകാർക്കും നാട്ടുകാർക്കും ഭാരമായിത്തീരുന്നു.

ഇത് ദീർഘദർശനം ചെയ്തുകൊണ്ടാകണം ശ്രീനാരായണഗുരു ഒരു നൂറ്റാണ്ടു മുമ്പ് തൊഴിൽ വിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞത്. പിന്നീട് മഹാത്മാഗാന്ധിയും കേരളം രൂപീകരിക്കപ്പെട്ടപ്പോൾ ആദ്യ വിദ്യാഭ്യാസ മന്ത്രിയായ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയും പിന്നീട് കോഠാരി കമ്മീഷനും 1986 ലെ ദേശീയ വിദ്യാഭ്യാസനയവും തൊഴിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിരുന്നു. 11-ാം പദ്ധതിയുടെ പരിഷ്ക്കരിച്ച സമീപനരേഖയിൽ കേന്ദ്രാസൂത്രണ കമ്മിഷൻ ഹയർസെക്കൻഡറി തലത്തിൽ വൈവിധ്യമാർന്ന തൊഴിൽ വിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞിട്ടുണ്ട്. എന്നാൽ, ഈ നിർദേശം നടപ്പിലാക്കിക്കാൻ ഓരോ കാരണങ്ങളാൽ അന്നൊന്നും കഴിയാതെവന്നതിനാൽ പൊതുവിദ്യാഭ്യാസം ഒരു വിധം സാർവത്രികമായിട്ടും തൊഴിൽവിദ്യാഭ്യാസം കേരളത്തിൽ ഒരു മരീചികയായി തുടർന്ന് തൊഴിലില്ലായ്മ വളർന്നുകൊണ്ടിരിക്കുന്നു. ഈ ദുർഗതിക്ക് ശമനം ഉണ്ടാക്കുന്നതിന്റെ തുടക്കം കുറിച്ച് ഗവണ്മെന്റ് പാഠ്യപദ്ധതി പരിഷ്കരിക്കാൻ തീരുമാനിച്ചു.

പത്താം ക്ലാസ് പാസാകുന്ന കുട്ടികളിൽ മഹാഭൂരിപക്ഷം (അതു തന്നെ ഓരോ വർഷവും വർധിച്ചു വരുന്നു) ഹയർസെക്കൻഡറി ക്ലാസിലേക്കുവരുന്നു. അവരിൽ മൂന്നിലൊന്നോളമാണ് ഉന്നതവിദ്യാഭ്യാസത്തിനു പോകുന്നത്, മറ്റുള്ളവർ പല കാരണങ്ങളാൽ ഹയർസെക്കൻഡറി ഘട്ടത്തിൽ പഠനം നിർത്താൻ നിർബന്ധിതരാകുന്നു എന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്ക്കാരത്തിനാണ് ഇപ്പോൾ മുതിരുന്നത്. രണ്ടുതരം ആവശ്യങ്ങൾ നിറവേറ്റാൻ ഈ പാഠ്യപദ്ധതിക്ക് ഒരേ സമയം കഴിയണം. ഉന്നത വിദ്യാഭ്യാസത്തിനു പോകുന്നവരെ അതിനു പ്രാപ്തരാക്കണം. അതിനുള്ള നിലവാരം അവർക്ക് ഉറപ്പാക്കിക്കൊടുക്കണം. പലതരം കോഴ്സുകളിലേക്ക് പോകുന്നവരുണ്ട്. അവയെക്കെല്ലാം വേണ്ട അസ്തിവാരം ഹയർസെക്കൻഡറി വിദ്യാഭ്യാസം നൽകണം.

ഇതേവരെ ഈ ധർമം സെക്കൻഡറി വിദ്യാഭ്യാസവും തുടർന്നുള്ള പ്രീഡിഗ്രി കോഴ്സുമാണ് നിർവഹിച്ചിരുന്നത്. ഹയർസെക്കൻഡറി കോഴ്സ് പ്രീഡിഗ്രി കോഴ്സിനെ പകരം വെക്കുന്നതല്ല. ഉന്നതവിദ്യാഭ്യാസത്തിനു പോകുന്നവരെയും, ഉന്നത വിദ്യാഭ്യാസം താൽക്കാലികമായെങ്കിലും അവസാനിപ്പിക്കുന്നവരെ ഏതെങ്കിലും തൊഴിലിനും ഒരേ സമയം ഒരുക്കുകയാണ് ഹയർസെക്കൻഡറി കോഴ്സിന്റെ ഉദ്ദിഷ്ട ലക്ഷ്യം. ഈ രണ്ട് ധർമ്മങ്ങളും ഒരേ സമയം നിർവഹിക്കണമെങ്കിൽ ഇതേവരെ ഉന്നത വിദ്യാഭ്യാസത്തിനു വിദ്യാർഥികളെ ഒരുക്കുക എന്ന ഏക ലക്ഷ്യം വെച്ചുകൊണ്ടുള്ള ഉള്ളടക്കത്തിൽ ചില മാറ്റങ്ങൾ വരുത്തേണ്ടിവരും. എസ്.എസ്.എൽ.സി പരീക്ഷയ്ക്കു എല്ലാ വിദ്യാർഥികളെയും ഒരേ വിഷയങ്ങളാണ് (ഐച്ഛിക ഭാഷ ഒഴിച്ചാൽ) പഠിപ്പിക്കുന്നത്. ഹയർസെക്കൻഡറിയിൽ ഏക വ്യത്യാസം നാലു വിഷയ ഗ്രൂപ്പുകളിൽ ഒന്ന് തിരഞ്ഞെടുക്കാൻ ഉള്ള സ്വാതന്ത്ര്യം വിദ്യാർഥികൾക്കു നൽകുന്നു എന്നതാണ്.

ഈ രീതിയിൽ സമൂലമായ മാറ്റം വരുത്തിയില്ലെങ്കിൽ പൊതുവിദ്യാഭ്യാസം നേടുന്നവരിൽ വലിയൊരു വിഭാഗം തൊഴിലില്ലാത്തവരായിത്തീരുന്ന പ്രതിഭാസം തുടരും. സെക്കൻഡറി-ഹയർസെക്കൻഡറി തലത്തിൽ വൈവിധ്യവൽക്കരണമാണ് ഇതിനൊരു പരിഹാരം. ഇന്ത്യയിൽ ഈ തലത്തിൽ 40 വ്യത്യസ്ത പഠനവിഷയങ്ങൾ മാത്ര

മുള്ളപ്പോൾ, പാശ്ചാത്യരാജ്യങ്ങളിൽ 3000 ഉം ചൈനയിൽ 4000 ഉം പഠനവിഷയങ്ങൾ ഉള്ള കാര്യം ചൂണ്ടിക്കാട്ടി ആ വഴിക്ക് ഇന്ത്യയും നീങ്ങേണ്ടതുണ്ട് എന്ന് 11-ാം പദ്ധതി സമീപനരേഖയിൽ കേന്ദ്രാസൂത്രണ കമ്മീഷൻ നിർദേശിക്കുന്നു.

ഇത് ഒറ്റയടിക്ക് ഇവിടെ നടപ്പാക്കാനാവില്ല. പക്ഷേ, നാട്ടിലുള്ള മിക്ക തൊഴിലുകൾക്കും വേണ്ട വിദ്യാഭ്യാസവും പരിശീലനവും ഹയർസെക്കൻഡറി വിദ്യാർഥികളിൽ താല്പര്യവും അഭിരുചിയും ഉള്ളവർക്ക് നൽകുക ആ പാഠ്യപദ്ധതിയുടെ ലക്ഷ്യമാക്കണം. അതിനു അനുസൃതമായ പരിഷ്ക്കാരം അതിൽ വരുത്തണം. ഇത് ഒരു തത്ത്വമായോ ലക്ഷ്യമായോ പറയുക എളുപ്പമാണ്. എന്നാൽ 'ലഹശഴശയഹല ളീ്യ വശഴവല്യ ലറൗരമശേീി' എന്ന സീലടിച്ച് എസ്.എസ്.എൽ.സി പരീക്ഷ പാസാകുന്ന വരെ വിടുന്നതിനു പിന്തുടർന്നുവരുന്ന പാഠ്യപദ്ധതിയിൽ നിന്ന് ഉന്നത വിദ്യാഭ്യാസത്തിൽ പോകുന്നവർക്കും തൊഴിൽ തേടിപോകുന്നവർക്കും ഒരേ സമയം പ്രയോജനകരമായ പാഠ്യപദ്ധതിയിലേക്കുള്ള പരിവർത്തനം ഒരു വലിയ കാൽവെയ്പ്പാണ്. ഒരു പക്ഷേ, അതിന്റെ ഫലം പരക്കെ അനുഭവവേദ്യമാകുന്നതിന് ഏതാനും വർഷങ്ങൾ വേണ്ടി വന്നേക്കാം.

ഇതിനു യോജിച്ച വിധത്തിൽ സ്കൂളിലെ ഭൗതിക സൗകര്യങ്ങളിൽ, അക്കാദമിക പശ്ചാത്തലത്തിൽ, അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും സൈദ്ധാന്തികവും പ്രായോഗികവുമായ അറിവിൽ, ഭരണാധികാരികളുടെയും രക്ഷിതാക്കളുടെയും അധ്യാപകരുടെയും വിദ്യാർഥികളുടെയും കാഴ്ചപ്പാടിൽ, അതിന്റെയെല്ലാം ആകത്തുക എന്ന നിലയിൽ പാഠ്യപദ്ധതിയിലും അതിന്റെ ലക്ഷ്യപ്രഖ്യാപനത്തിലും മാറ്റം വരുത്തേണ്ടതുണ്ട്. വയലേലകൾക്കും പണിശാലകൾക്കും കൂടി പ്രയോജനകരമായ രീതിയിൽ പൊതുവിദ്യാഭ്യാസത്തിൽ ഇത്തരത്തിലൊരു മാറ്റം ഉൽപാദന സേവന മേഖലകളിൽ കുതിച്ചു മുന്നേറാൻ കേരളത്തിന് അനുപേക്ഷണീയമാണ്. പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, സ്ത്രീകൾ മുതലായ ദുർബല വിഭാഗങ്ങളുടെ തൊഴിൽലഭ്യത ഗണ്യമായി വർധിപ്പിക്കാനും ഇത് അത്യാവശ്യമാണ്.

ഇത്തരത്തിൽ വിദ്യാഭ്യാസത്തിൽ കാതലായ മാറ്റം വരുത്തുന്നത് ഉള്ളടക്കത്തിലും മാറ്റങ്ങൾ ആവശ്യമാക്കിത്തീർക്കും. എല്ലാറ്റിനും ഒരേ താപ്പ് എന്നായിരുന്നു, ഇപ്പോഴും അതാണ്, സ്ഥിതി. കാർഷികമേഖലയുമായി ബന്ധപ്പെട്ട, കാർഷികവിളകളുടെ സംസ്കരണം ഉൾപ്പടെയുള്ള തൊഴിലുകളിൽ പലതിനും ഭാഷാ പ്രാവീണ്യത്തേക്കാൾ പ്രായോഗിക വിജ്ഞാനവും കരവിരുതുമായിരിക്കും കൂടുതൽ ആവശ്യം. ഏതാണ്ട് ഇതു തന്നെയായിരിക്കും പരമ്പരാഗത-ചെറുകിട വ്യവസായരംഗത്ത് പ്രവർത്തിക്കാൻ തയാറെടുക്കുന്നവരുടെയും സ്ഥിതി. കല, സംസ്ക്കാരം മുതലായ മേഖലകളുമായി ബന്ധപ്പെടാൻ ഉദ്ദേശിക്കുന്നവർക്ക് ശാസ്ത്രവിജ്ഞാനത്തേക്കാൾ പ്രധാനം ഭാഷയിലും മറ്റുമുള്ള കഴിവായിരിക്കാം.

ഹയർസെക്കൻഡറിതലത്തിൽ വരുത്തുന്ന ഈ മാറ്റത്തിന് അനുസൃതമായി 1 മുതൽ 10 വരെ ക്ലാസുകളിലെ പഠനരീതികളിലും വിഷയമേഖലകളുടെ പഠനത്തിലും വ്യത്യാസം വരുത്തേണ്ടതുണ്ട്. നിലവിൽ ഹയർസെക്കന്ററിയിലെ വിഷയഗ്രൂപ്പുകളിൽ പഠിപ്പിക്കുന്ന വിഷയങ്ങൾക്ക് അനുസൃതമായി, അവയുടെ അടിസ്ഥാന ധാരണകൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്ന രീതിയിൽ, അപ്പർ പ്രൈമറി മുതൽ വിവിധ വിഷയ

ങ്ങളുടെ ഉള്ളടക്കം ക്രമീകരിച്ചിരിക്കുകയാണ്. സ്വാഭാവികമായും പ്രൈമറിതലം കഴിയുന്നതോടെ വിവിധ നിലവാരക്കാരും, വ്യത്യസ്ത താല്പര്യക്കാരുമായ വിദ്യാർഥികളെ മുഴുവൻ ഉൾക്കൊള്ളുന്നതോ, അവരുടെ പ്രായോഗിക ജീവിതാനുഭവങ്ങൾക്കും, ആവശ്യങ്ങൾക്കും യോജിച്ചതോ ആയ ഉള്ളടക്കമല്ല സയൻസ്, ഗണിത വിഷയങ്ങൾ പോതുവെ ഉൾക്കൊള്ളുന്നത്. സെക്കൻഡറി തലത്തിലെത്തുമ്പോൾ സാമൂഹ്യ ശാസ്ത്രപഠനം (പ്രത്യേകിച്ച് ജ്യോഗ്രഫി) പോലും ഭൂരിഭാഗം കുട്ടികൾക്ക് അപ്രാപ്യമാകുന്നു. ഉള്ളടക്കത്തിൽ വരുന്ന ഈ മാറ്റം പ്രവർത്തനാധിഷ്ഠിതവും പ്രായോഗിക ജീവിതാനുഭവങ്ങളോട് ഉദ്ഗ്രഥിച്ചും പ്രൈമറി വിദ്യാഭ്യാസം നേടിയെത്തുന്ന വലിയൊരു വിഭാഗം കുട്ടികളെ പഠനത്തിന്റെ മുഖ്യധാരയിൽ നിന്ന് പിന്തിരിപ്പിക്കുന്നു. എൻ.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ 5,7 ക്ലാസുകളിലെ സയൻസ്, ഗണിതം എന്നീ വിഷയങ്ങളിലെ കുട്ടികളുടെ പ്രകടനം സംബന്ധിച്ച പഠനം, എസ്.എസ്.എ നടത്തിയ പഠനങ്ങൾ, ഇതെല്ലാം നൽകുന്ന അനുഭവങ്ങൾ ഇതാണ്.

അപ്പർ പ്രൈമറിതലത്തിലെ സയൻസ്, ഗണിതം പഠനം കുറെക്കൂടി പ്രവർത്തനാധിഷ്ഠിതവും പ്രായോഗിക ജീവിതസന്ദർഭങ്ങൾക്ക് അനുഗുണവുമായി മാറണം. ഗണിതം പേടിയോടെ സമീപിക്കുന്ന വിഷയമെന്നതിനു പകരം പ്രകൃതിയിലെയും, ജീവിത സന്ദർഭങ്ങളിലെയും ഗണിതയുക്തികൾ കണ്ടെത്തുന്നതിനും, പ്രാപ്തമാക്കുന്നതിനും കഴിവു നൽകുന്ന 'ഗണിതവൽക്കരണം' (ങമവേലാമശേമെശീ)ത്തിലേക്ക് മാറണം.

പ്രകൃതിയെ നിരീക്ഷിക്കാനും സൂക്ഷ്മമായി പിന്തുടരാനും സംഭവങ്ങളെയും പ്രശ്നങ്ങളെയും, തെളിവുകളുടെയും, വസ്തുതകളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനും പൊതുനിയമങ്ങൾ രൂപീകരിക്കാനും അതിന്റെ ആവർത്തനക്ഷമത ഉറപ്പാക്കി സിദ്ധാന്തങ്ങളിലെത്താനും കഴിവ് നൽകുന്ന ശാസ്ത്രത്തിന്റെ ചരിത്രം തിരിച്ചറിയാൻ വ്യാപ്തമാക്കുന്നതാകണം ശാസ്ത്രപഠനം. ഇതിന്റെ പ്രക്രിയയ്ക്ക് അപ്പർ പ്രൈമറിഘട്ടം മുൻഗണന നൽകുമ്പോൾ സമൂഹത്തിന്റെ ജീവിതപ്രക്രിയയുടെ രഹസ്യം തേടുന്ന അന്വേഷണകുതുകികളായ യുവശാസ്ത്രജ്ഞരെ, സംശയിക്കുകയും പരീക്ഷിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്യുന്ന ശാസ്ത്രാന്വേഷികളെ, സൃഷ്ടിക്കുന്നതാകണം സെക്കൻഡറിതലത്തിലെ ശാസ്ത്രപഠനം. പ്രകൃതിയെ അതിന്റെ സമഗ്രതയോടെ സമീപിക്കാനും എന്നാൽ പ്രകൃതിരഹസ്യങ്ങളെ, സമസ്യകളെ, ഇഴപിരിക്കാനും അപഗ്രഥിക്കാനും ഈ ഘട്ടത്തിലെ ശാസ്ത്രപഠനം ലക്ഷ്യമിടണം. 9,10 ക്ലാസുകളിൽ ആഴത്തിലുള്ള അന്വേഷണം താല്പര്യമുള്ളവർക്കു മാത്രമായി മാറ്റുന്നതും ആലോചിക്കേണ്ടതാണ്.

പ്രകൃതിയുടെ സമസ്യകളും ജീവിതത്തിന്റെ വൈവിധ്യങ്ങളും അന്വേഷിക്കുന്ന ഒരു സെക്കൻഡറി ഘട്ടത്തിലെ വിദ്യാർഥിക്ക് തന്റേതായ താല്പര്യങ്ങളിലും, വൈദഗ്ധ്യമേഖലകളിലും ഇടപെട്ട് പ്രവർത്തിക്കാൻ അവസരം നൽകണം. എട്ടാം ക്ലാസ് പഠനത്തിനുശേഷം ഇത്തരത്തിൽ സ്വയം കണ്ടെത്തുന്ന പ്രത്യേക വൈദഗ്ധ്യമേഖലയിൽ (തൊഴിൽ/ കല/ കായികം/ പ്രവൃത്തിപരിചയം) ഇടപെട്ട് പ്രവർത്തിക്കാനും അനുഭവങ്ങൾ ആർജിക്കാനും കുട്ടികൾക്ക് അവസരം നൽകാൻ പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഇടം വേണം. 9,10 ക്ലാസുകളിലെ ഓ-ലെവൽ (ഓർഡിനറി) എ-ലെവൽ (അഡ്വാൻസ്ഡ് ലെവൽ) വിഷയപഠന സാധ്യത, തൊഴിൽ ഓപ്ഷൻ

സാധ്യത, തുടങ്ങിയ കാര്യങ്ങൾ ചർച്ചചെയ്യേണ്ടതുണ്ട്. എങ്കിൽ മാത്രമേ ഹയർസെക്കൻഡറി തലത്തിലെ ഏതെങ്കിലും ഒരു തൊഴിലിൽ വൈദഗ്ധ്യം നേടി പുറത്തുവരുന്ന ഭാവിപൗരൻ എന്ന ആശയം സാർഥകമാക്കാൻ കഴിയൂ. 9,10 ക്ലാസുകളിൽ താൽപര്യപൂർവം ഇടപെട്ട മേഖല തനിക്കനുയോജ്യമല്ലെന്ന തിരിച്ചറിവുണ്ടാകുന്ന കുട്ടിക്ക് അക്കാദമിക ധാരയിൽ തിരിച്ചുവരാനുള്ള അവസരമൊരുക്കാനും കഴിയുന്നതാകണം ഈ രീതി.

ഭാഷാപഠനം സംബന്ധിച്ച ഇന്നത്തെ ധാരണകളിൽ വ്യത്യാസം വരേണ്ടതുണ്ട്. മാതൃഭാഷ ബോധന മാധ്യമമായി മാറണം. ഇന്നു നിലനിൽക്കുന്ന ത്രിഭാഷാപഠന രീതി പിന്തുടരണം. എന്നാൽ ഇംഗ്ലീഷ്, ഹിന്ദി പഠനത്തിന്റെ സ്വഭാവവും വ്യാപ്തവും മാറണം. 10-ാം ക്ലാസ് പഠനം പൂർത്തിയാക്കുന്നതിനകം തന്നെ മൂന്നുഭാഷകളും സ്വതന്ത്രമായി പ്രയോഗിക്കുന്നതിനുള്ള ശേഷിയും വൈദഗ്ധ്യവും നേടാൻ കഴിയണം. ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ ഉപയോഗിച്ച് സമൂഹത്തിൽ ഇടപെടാനും, ആശയവിനിമയത്തിനും സാധ്യമാകുന്ന രീതിയിൽത്തന്നെയാകണം ഈ ഭാഷകളുടെ പഠനവും. സ്വതന്ത്രമായി ആശയവിനിമയത്തിന് മാതൃഭാഷയും ഇംഗ്ലീഷും ഹിന്ദിയും ഉപയോഗിക്കാൻ പത്താം ക്ലാസ് പൂർത്തിയാക്കുന്നതോടെ കുട്ടിക്ക് കഴിയുന്ന രീതിയിൽ ഭാഷാപഠനപദ്ധതിയിൽ മാറ്റം വരണം. ഇംഗ്ലീഷ് ഭാഷയുടെ വർധിച്ചുവരുന്ന ആവശ്യവും സമൂഹത്തിന്റെ സമ്മർദവും പരിഗണിച്ചു തന്നെയാകണം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പഠനക്രമം വികസിപ്പിക്കേണ്ടത്.

കേരളത്തിന്റെ വൈവിധ്യമാർന്ന സാംസ്കാരിക-സാമൂഹ്യ സാഹചര്യങ്ങളിൽ വരുന്ന കുട്ടികൾ മിക്കവാറും എല്ലാവരെയും തന്നെ ഇന്ന് പൊതുവിദ്യാഭ്യാസത്തിന്റെ ഉള്ളിലാക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ അവരുടെ ജീവിതസാഹചര്യങ്ങൾക്കും സാംസ്കാരിക പരിസരത്തിനും അനുയോജ്യമായ പാഠ്യപദ്ധതി വിനിമയപ്രക്രിയ സെക്കൻഡറി തലത്തിലും ഹയർസെക്കൻഡറി തലത്തിലും ഉറപ്പാക്കാൻ നമുക്കായിട്ടില്ല. ഒന്നാം ക്ലാസിൽ ചേരുന്ന 100 പട്ടികജാതി വിദ്യാർഥികളിൽ ഏകദേശം 70 പേരാണ് എസ്.എസ്.എൽ.സി ക്ലാസിലെത്തുന്നത്. അവരിൽത്തന്നെ 35% അഥവാ ഏകദേശം 22 പേരാണ് ഹയർസെക്കൻഡറി പഠനത്തിന് അർഹത നേടുന്നത്. സാമ്പത്തികമായും സാമൂഹികമായും പിന്നിൽ നിൽക്കുന്ന വിഭാഗത്തിലെ കുട്ടികളും പെൺകുട്ടികളും ഇതേ രീതിയിൽ പിന്നോക്കാവസ്ഥ നേരിടുന്നുണ്ട്. അതേ സമയം സ്കൂൾ വിട്ട് പുറത്തുവരുന്ന ഇതേ വിഭാഗമാണ് കേരളത്തിന്റെ ഉത്പാദനമേഖലയുടെ ഏറ്റവും പ്രധാന തൊഴിൽ ശക്തിയായി നിലകൊള്ളുന്നതും. അഥവാ നമ്മുടെ സെക്കൻഡറി - ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന് ഇപ്പോഴും ഇവരെ ഉൾക്കൊള്ളാൻ ആയിട്ടില്ലെന്നു സാരം. ഈ രീതിക്ക് മാറ്റം വരണം. ക്ലാസുമുറിയിലെ പഠനം സംബന്ധിച്ച ധാരണകളിൽ ഇതിന് ആവശ്യമായ മാറ്റം ഉണ്ടാകണം.

ആവർത്തിച്ച് പഠിക്കലും, പഠനോപകരണങ്ങളുടെ ലഭ്യതയും ട്യൂഷൻ/ ഗൈഡ് പോലുള്ള സഹായങ്ങളും അല്ല പഠനത്തിനും വൈദഗ്ധ്യം നേടുന്നതിനും കുട്ടികളെ സഹായിക്കേണ്ടത്. അഥവാ സ്കൂളിനകത്തു നിന്നുള്ള അനുഭവങ്ങളിലൂടെ ഏതൊരു വിഭാഗത്തിൽ നിന്നു വരുന്ന കുട്ടിക്കും തന്റെ വൈദഗ്ധ്യം തെളിയിക്കുന്നതിനും, തന്റെ മേഖല കണ്ടെത്തി തന്റെ സ്ഥാനം, വ്യക്തിത്വം (കറലിശേ്യ) സ്ഥാപിക്കുന്നതിനുമുള്ള അവസരം നൽകുന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ

സ്വഭാവം മാറണം. കാലത്ത് 8 മുതൽ 6 വരെ ഇത്തരത്തിൽ വിവിധ രീതിയിലുള്ള വിജ്ഞാനം പകർന്നുനൽകുന്ന സമൂഹത്തിന്റെ പൊതു ഇടം എന്ന നിലയിലേക്ക് വിദ്യാലയത്തിന്റെ സ്ഥാനം ഉയരണം. ഔപചാരികമായ പഠനം ഇതിനിടയിൽ 5 മണിക്കൂർ സമയത്തിനിടയ്ക്ക് ലഭ്യമാകുന്ന ഒരനുഭവം മാത്രമാകണം.

ഇത്തരത്തിൽ 'വിദ്യാലയങ്ങൾ' മാറുന്നതിന് പ്രാദേശിക സമൂഹത്തിന്റെ നേതൃത്വത്തിലാകണം വിദ്യാലയ പ്രവർത്തനം. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇന്നുള്ളതിനേക്കാൾ വിദ്യാഭ്യാസത്തിന്റ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പര്യാപ്തമാകണം. ഭാവികേരളത്തിന്റെ വികസനാവശ്യങ്ങൾക്കുള്ള മാനവവിഭവശേഷി ഉല്പാദനകേന്ദ്രങ്ങളായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറണം. ഓരോ പൊതുവിദ്യാലയവും ഇത്തരത്തിൽ പ്രാദേശിക സർക്കാരുമായി ബന്ധപ്പെടണം. തങ്ങളുടെ ഭരണപരിധിയിലെ മുഴുവൻ വിദ്യാർഥികൾക്കും ഭാവിപൗരന്മാരായി ജീവിതം മുന്നോട്ട് നയിക്കാൻ പര്യാപ്തമായ ശേഷികളും വൈദഗ്ധ്യവും നൽകുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ ഭരണസ്ഥാപനങ്ങൾ എറ്റെടുക്കുകയും അതിനാവശ്യമായ സൗകര്യങ്ങൾ, വിദ്യാലയങ്ങളിൽ ഒരുക്കുകയും വേണം. ഇന്നത്തെ അൺഇക്കണോമിക് വിദ്യാലയ സങ്കല്പത്തിന് വ്യത്യസ്തമാണ് ഇത്. പൊതു വിദ്യാഭ്യാസത്തിൽ നിന്ന് സർക്കാർ പിന്മാറ്റമല്ല, പൂർണമായി സർക്കാറിന്റെ, തദ്ദേശഭരണകൂടങ്ങളുൾപ്പെടെയുള്ളവരുടെ, ചുമതലയാക്കി മാറ്റുകയാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ പഠനരീതികൾ, വിദ്യാലയസൗകര്യങ്ങൾ, അധ്യാപകരുടെ ഇടപെടൽതന്ത്രങ്ങൾ, വിഷയസമീപനങ്ങൾ, കോഴ്സുകളുടെയും വിഷയസമുച്ചയങ്ങളുടെയും നിലവിലുള്ള ഘടനകൾ, വിദ്യാഭ്യാസ മാനേജ്മെന്റ് സംവിധാനങ്ങൾ, പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ, പഠനസഹായികൾ, പരീക്ഷകൾ തുടങ്ങിയ വകയിലെല്ലാം മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

ഇതേ സന്ദർഭത്തിലാണ് മറ്റൊരു സാഹചര്യത്തിലും സമീപനത്തിലും തയാറാക്കപ്പെട്ടതെങ്കിലും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് - 2005 നൽകുന്ന ആശയങ്ങൾ പരിഗണിക്കേണ്ടത്. ദേശീയതലത്തിൽ തന്നെ വിദ്യാഭ്യാസം പൊളിച്ചെഴുതേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂണ്ടുന്ന ആ രേഖ ഇത്തരത്തിൽ വിദ്യാഭ്യാസത്തെ വേറിട്ടു നോക്കിക്കാണാൻ പ്രേരിപ്പിക്കുന്നു. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് അവസാനിപ്പിക്കുന്നത് ബോംബെയിൽ നിന്നുള്ള ഒരമ്മയുടെ കത്തിലെ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് അതിവിടെ എടുത്തു ചേർക്കുന്നു:

"ഇരുപത് വർഷം മുമ്പ് എനിക്ക് കിട്ടിയ അതേപഠനാനുഭവങ്ങളാണ് വിദ്യാർഥികളെന്ന നിലയിൽ എന്റെ മക്കൾക്കും ലഭിക്കുന്നത്. ലോകത്തൊട്ടാകെ നൂതന ബോധനരീതികളും, പരീക്ഷാരീതികളും പരീക്ഷിക്കപ്പെടുമ്പോൾ നമ്മുടെ കുട്ടികൾ ബ്ലാക്ക് ബോർഡിൽ നിന്ന് അഭ്യാസങ്ങൾ പകർത്തിയെടുക്കുകയും അവർക്ക് കോരിയൊഴിച്ചു കൊടുക്കുന്ന വിജ്ഞാനം തുടർന്നുള്ള പരീക്ഷകളിൽ പുനരുല്പാദിപ്പിക്കുകയും ചെയ്യുന്നു. അനഭിലഷണീയമായ മാറ്റങ്ങളാണ് അവരിൽ ഉണ്ടാക്കുന്നത്. കുട്ടികൾക്ക് വിജ്ഞാനത്തിന്റെ വിവിധതുറകളുമായി ബന്ധപ്പെടാനുള്ള സൗകര്യം ഇന്നുണ്ട്. എന്നിട്ടും കൂടുതൽ വിഷയങ്ങളും ഉള്ളടക്കവും സ്കൂൾ ബാഗിലേയ്ക്ക് നിറയ്ക്കുകയാണ്. കമ്പ്യൂട്ടർ, മൂല്യ ശാസ്ത്രങ്ങൾ എന്നിവ പുതിയതായി ഹിറ്റായ

താണെങ്കിൽ കോൻ ബനേഗാ കോർ പതി എന്ന ക്വിസ് പരിപാടിക്കുവേണ്ടിയാണ് പൊതു വിജ്ഞാനം സിലബസ്സിൽ ഉൾപ്പെടുത്തിയത്. നമ്മുടെ സിലബസ്സ് അധ്യാപകരുടെ കഴിവിനുമപ്പുറം സംഘടിതമായ ശ്രമങ്ങൾ ആവശ്യപ്പെടുന്നു. അതുകൊണ്ട് ഉള്ളടക്കം തീർത്തും പരീക്ഷീണമായ ബോധനരീതികളിലൂടെ അവർക്ക് ഒരുക്കേണ്ടി വരുന്നു.

കുട്ടികൾക്ക് ആവശ്യമായ ശ്രദ്ധ കിട്ടാത്തതുകാരണം ക്ലാസ്സ്മുറിയിൽ ഒന്നുകിൽ ആശയഗ്രഹണം നടക്കാതെവരുന്നു. അല്ലെങ്കിൽ അവർ ദിവാസ്വപ്നത്തിൽ മുഴുക്കുന്നു. പലതരം വിഷയങ്ങളുടെ പഴയഭാഗങ്ങൾ പഠിപ്പിച്ചുതീർക്കുന്നതിനു മുമ്പ് പുതിയഭാഗങ്ങൾ പഠിപ്പിക്കാൻ തുനിയുന്നു. സിലബസ്സിന്റെ ഭാരം ക്രമത്തിൽ രക്ഷിതാവിലും ട്യൂഷൻ ക്ലാസ്സിലും എത്തിനിൽക്കുന്നു. ചെറിയ കുട്ടികൾ വിദ്യാഭ്യാസഭാരം ചുമലിൽ വഹിച്ച് സ്ക്കൂളിൽ നിന്ന് ട്യൂഷൻ ക്ലാസ്സിലേയ്ക്ക് പോകുന്നതിലൂടെ അവർക്ക് ബാല്യകാലമാണ് നഷ്ടമാക്കുന്നത്. ഒരു വിഭാഗം കുട്ടികൾ ഉയർന്ന നിലയിലെത്തുന്നതിന് വളരെ ക്ലേശിച്ച്, മത്സരിച്ച് പഠിക്കുന്നു. ഭൂരിഭാഗം കുട്ടികൾ രക്ഷിതാക്കളുടെയും അധ്യാപകരുടെയും നിർബന്ധത്തിന് വഴങ്ങി പഠിക്കാൻ ശ്രമിക്കുകയും മാനസിക സമ്മർദത്തിനടിമപ്പെടുകയും ചെയ്യുന്നു. ചിലർക്കാകട്ടെ മനശ്ശാസ്ത്ര ചികിൽസ ആവശ്യമായിവരികയും ചെയ്യുന്നുണ്ട്. മുഖ്യവിഷയങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നവരെയാണ് വിജയികളായി സാധാരണ പരിഗണിച്ചുപോരുന്നത്. സ്പോർട്സ്, കല തുടങ്ങിയ മറ്റു മേഖലകളിലുള്ള പ്രാവീണ്യം ഒരിക്കലും പരിഗണനാർഹമാക്കുന്നില്ല. അങ്ങനെയുള്ളവരെ ബോധപൂർവം നിരുത്സാഹപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്തെന്നാൽ മാർക്ക് ലിസ്റ്റിൽ ഇവ ഗണിക്കപ്പെടുന്നില്ല എന്നതുതന്നെ. പാഠ്യപദ്ധതിയും വിജയമന്ത്രങ്ങളും ഉദ്ഘോഷിക്കുന്നത് യഥാർഥലോകത്തിൽ നിന്നും യഥാർഥാനുഭവങ്ങളിൽ നിന്നും മാറി പുസ്തകത്തിന്റെ ലോകത്തിൽ ഒതുങ്ങിക്കഴിയുക എന്നതാണ്. ആത്യന്തികമായി അവൻ ധാരാളം അറിവുള്ള മുതിർന്ന ആളായി മാറുന്നുണ്ടെങ്കിലും പ്രായോഗിക ബുദ്ധിയില്ലാത്ത വിദ്യാഭ്യാസം സിദ്ധിച്ച വിഡ്ഢിയായാണ് വളരുന്നത്.

ഇങ്ങനെ പരസ്പര വിരുദ്ധമോ തികച്ചും വ്യത്യസ്തമോ ആയ ആവശ്യങ്ങൾ ഉള്ളവരെ അനുയോജ്യമായ വിഷയങ്ങളും വിരുതുകളും പഠിപ്പിക്കുന്നതിനു സ്കൂൾ സംവിധാനം, അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയെ തൽപരരും പ്രാപ്തരും പ്രതിജ്ഞാബദ്ധരും ആക്കുന്നതിന്റെ ആദ്യ കാൽവെപ്പാണ് ഇതിനു യോജിച്ച പാഠ്യപദ്ധതി സമീപനം ആവിഷ്ക്കരിക്കൽ. അതിനു പരിഗണിക്കപ്പെടേണ്ട കാര്യങ്ങളുടെ പൊതുരൂപമാണ് ഇവിടെ സർപ്പിക്കുന്നത്. വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിലായിരിക്കണം ഇതിനു അവസാനരൂപം നൽകേണ്ടത്.

**ഡയറക്ടർ**

16.04.2007

എസ്.സി.ഇ.ആർ.ടി., കേരളം